## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 
നമ്പർ : 7115

11.07.2014-ൽ മറുപടി 
നൽകേണ്ടിയിരുന്നത്

## സർക്കാർ ഭൂമിയുടെ പാട്ടവ്യവസ്ഥകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.കെ. ബാലൻ | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് എത്ര ഏക്കർ സർക്കാർ ഭൂമി പാട്ടത്തിന് നൽകിയിട്ടുണ്ട്; ഇതിൽ നിന്നും ഒരു വർഷം ലഭിക്കുന്ന പാട്ടത്തുക എത്ര; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ; | (എ) സംസ്ഥാനത്ത് 8985.6694 ഏക്കർ സർക്കാർ ഭൂമി പാട്ടത്തിന് നൽകിയിട്ടുണ്ട്; ഇതിൽ നിന്നും ഒരു വർഷം (2013-14 കാലയളവിൽ) 6,76,14,353/- രൂപ പാട്ടത്തുകയായി ലഭിക്കുന്നുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം I ആയി ചേർത്തിരിക്കുന്നു. |
| (ബി) ഇതിൽ കൃഷി (തോട്ടം ഉൾപ്പെടെ) വ്യവസായം എന്നീ ആവശ്യങ്ങൾക്ക് എത്ര ഭൂമി നൽകിയിട്ടുണ്ട്; ഇവയുടെ പാട്ട വ്യവസ്ഥ എന്താണ്; ഇതിൽ നിന്നും പാട്ടത്തുകയായി എത്ര രൂപ ലഭിക്കുന്നു; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (ബി) കൃഷി, വ്യവസായം എന്നീ ആവശ്യങ്ങൾക്കായി 5359.3486 ഏക്കർ ഭൂമി നൽകിയിട്ടുണ്ട്. പഞ്ചായത്തു പ്രദേശങ്ങളിൽ, കേരളാ ഭൂമി പതിവ് നിയമം 1964 പ്രകാരവും, മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിൽ 1995-ലെ കേരളാ മുൻസിപ്പൽ കോർപ്പറേഷൻ ഭൂമി പതിവ് ചട്ടപ്രകാരവുമുള്ള വ്യവസ്ഥകൾക്ക് വിധേയമായാണ് പാട്ടം അനുവദിക്കുന്നത്. ഇതിൽ നിന്നും 70,95,393/- രൂപ പാട്ടത്തുകയായി ലഭിക്കുന്നുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം II ആയി ചേർത്തിരിക്കുന്നു. |

(സി) ക്ലബ്ബുകൾ, മറ്റ് സ്വകാര്യ സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവർക്ക് എത്ര ഭൂമി നൽകിയിട്ടുണ്ട്; ഇവയുടെ പാട്ട വ്യവസ്ഥ എന്താണ്; ഇതിൽ നിന്നും പാട്ടത്തുകയായി എത്ര രൂപ ലഭിക്കുന്നു; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ;

(സി) ക്ലബ്ബുകൾ, മറ്റ് സ്വകാര്യ സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവർക്ക് 5212.4691 ഏക്കർ ഭൂമി നൽകിയിട്ടുണ്ട്. പഞ്ചായത്തു പ്രദേശങ്ങളിൽ, കേരളാ ഭൂമി പതിവ് നിയമം 1964 പ്രകാരവും, മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിൽ 1995-ലെ കേരളാ മുൻസിപ്പൽ കോർപ്പറേഷൻ ഭൂമി പതിവ് ചട്ട പ്രകാരവുമുള്ള വ്യവസ്ഥകൾക്ക് വിധേയമായാണ് പാട്ടം അനുവദിക്കുന്നത്. ഇതിൽ നിന്നും 2,87,46,610/- രൂപ പാട്ടത്തുകയായി ലഭിക്കുന്നുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം III ആയി ചേർത്തിരിക്കുന്നു.

(ഡി) പാട്ട വ്യവസ്ഥ ലംഘിച്ച എത്ര പേരുടെ ഭൂമി ഈ സർക്കാർ വന്നതിന് ശേഷം തിരിച്ചെടുത്തിട്ടുണ്ട്; എത്ര ഭൂമി അപ്രകാരം ലഭിച്ചു; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാട്ട വ്യവസ്ഥ ലംഘിച്ച 12 പേരുടെ ഭൂമി തിരിച്ചെടുത്തിട്ടുണ്ട്. അപ്രകാരം 20.8216 ഏക്കർ ഭൂമി ലഭിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം IV ആയി ചേർത്തിരിക്കുന്നു.

(ഇ) പാട്ട വ്യവസ്ഥ ലംഘിച്ച എത്ര പേരുടെ ഭൂമി ഈ സർക്കാർ വന്നതിനുശേഷം തിരിച്ചു പിടിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു; എത്ര ഏക്കർ ഭൂമി ഇപ്രകാരം ലഭിക്കും; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 92 കേസുകളിൽ പാട്ട വ്യവസ്ഥ ലംഘിച്ചതിനാൽ ഭൂമി തിരിച്ചു പിടിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇപ്രകാരം 17.8947 ഏക്കർ ഭൂമി ലഭിക്കും. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം V ആയി ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ

## അനുബന്ധം-I

| ജില്ല | വിസ്തൃതി (ഏക്കറിൽ) | തുക |
|---|---|---|
| തിരുവനന്തപുരം | 525.8148 | 1,24,67,925.00 |
| കൊല്ലം | 449.7174 | 3333864.00 |
| ആലപ്പുഴ | 234.8631 | 1190027.00 |
| പത്തനംതിട്ട | 2028.75 | 1089130.00 |
| കോട്ടയം | 153.3853 | 516313.00 |
| ഇടുക്കി | 767.7 | 5709730.00 |
| എറണാകുളം | 659.4492 | 36937147.00 |
| തൃശ്ശൂർ | 376.1471 | 125973.00 |
| പാലക്കാട് | 41.27 | 276187.00 |
| മലപ്പുറം | 11.0846 | 133890.00 |
| കോഴിക്കോട് | 110.8753 | 4047346.00 |
| വയനാട് | 56.0314 | 16672.00 |
| കണ്ണൂർ | 136.2212 | 1351531.00 |
| കാസർഗോഡ് | 3434.36 | 418618.00 |
| **ആകെ** | **8985.6694** | **67614353.00** |

സെക്ഷൻ ഓഫീസർ

## അനുബന്ധം-II

| ജില്ല | വിസ്തൃതി (ഏക്കറിൽ) | തുക |
|---|---|---|
| തിരുവനന്തപുരം | 45.4939 | 2787908.00 |
| കൊല്ലം | 217.431 | 568090.00 |
| ആലപ്പുഴ | 62.6844 | 175493.00 |
| പത്തനംതിട്ട | 468.2 | 877432.00 |
| കോട്ടയം | 140.0178 | 76524.00 |
| ഇടുക്കി | 245.22 | 35664.00 |
| എറണാകുളം | 379.4977 | 463179.00 |
| തൃശ്ശൂർ | 196.9748 | 50287.00 |
| പാലക്കാട് | 30.76 | 182022.00 |
| മലപ്പുറം | ഇല്ല | ഇല്ല |
| കോഴിക്കോട് | 69.24 | 19749.00 |
| വയനാട് | ഇല്ല | ഇല്ല |
| കണ്ണൂർ | 99.2907 | 67183.00 |
| കാസർഗോഡ് | 3404.5383 | 1791862.00 |
| **ആകെ** | **5359.3486** | **7095393.00** |

സെക്ഷൻ ഓഫീസർ

## അനുബന്ധം-III

| ജില്ല | വിസ്തൃതി (ഏക്കറിൽ) | തുക |
|---|---|---|
| തിരുവനന്തപുരം | 483.2966 | 9680017.00 |
| കൊല്ലം | 140.9488 | 2765774.00 |
| ആലപ്പുഴ | 139.4833 | 1188027.00 |
| പത്തനംതിട്ട | 424.65 | 893832.00 |
| കോട്ടയം | 30.641 | 163563.00 |
| ഇടുക്കി | 177.87 | 47421.00 |
| എറണാകുളം | 239.9837 | 13360880.00 |
| തൃശ്ശൂർ | 10.6501 | 2000.00 |
| പാലക്കാട് | 0.7 | 57825.00 |
| മലപ്പുറം | 0.0043 | 1995.00 |
| കോഴിക്കോട് | 2.0296 | 329791.00 |
| വയനാട് | 31.1995 | 16241.00 |
| കണ്ണൂർ | 116.1314 | 175824.00 |
| കാസർഗോഡ് | 3414.8808 | 63420.00 |
| **ആകെ** | **5212.4691** | **28746610.00** |

സെക്ഷൻ ഓഫീസർ

## അനുബന്ധം-IV

| ജില്ല | വിസ്തൃതി (ഏക്കറിൽ) | എണ്ണം |
|---|---|---|
| തിരുവനന്തപുരം | 3.65 | 4 |
| കൊല്ലം | 11.5934 | 6 |
| ആലപ്പുഴ | ഇല്ല | ഇല്ല |
| പത്തനംതിട്ട | ഇല്ല | ഇല്ല |
| കോട്ടയം | 4.6182 | 1 |
| ഇടുക്കി | ഇല്ല | ഇല്ല |
| എറണാകുളം | ഇല്ല | ഇല്ല |
| തൃശ്ശൂർ | ഇല്ല | ഇല്ല |
| പാലക്കാട് | ഇല്ല | ഇല്ല |
| മലപ്പുറം | 0.96 | 1 |
| കോഴിക്കോട് | ഇല്ല | ഇല്ല |
| വയനാട് | ഇല്ല | ഇല്ല |
| കണ്ണൂർ | ഇല്ല | ഇല്ല |
| കാസർഗോഡ് | ഇല്ല | ഇല്ല |
| **ആകെ** | **20.8216** | **12** |

സെക്ഷൻ ഓഫീസർ

**അനുബന്ധം-V**

| ജില്ല | എണ്ണം | വിസ്തൃതി (ഏക്കറിൽ) |
|---|---|---|
| തിരുവനന്തപുരം | 3 | 4.99 |
| കൊല്ലം | 60 | 8.7477 |
| ആലപ്പുഴ | ഇല്ല | ഇല്ല |
| പത്തനംതിട്ട | ഇല്ല | ഇല്ല |
| കോട്ടയം | 1 | 2.7861 |
| ഇടുക്കി | ഇല്ല | ഇല്ല |
| എറണാകുളം | 27 | 1.3706 |
| തൃശ്ശൂർ | ഇല്ല | ഇല്ല |
| പാലക്കാട് | ഇല്ല | ഇല്ല |
| മലപ്പുറം | ഇല്ല | ഇല്ല |
| കോഴിക്കോട് | 1 | 0.0003 |
| വയനാട് | ഇല്ല | ഇല്ല |
| കണ്ണൂർ | ഇല്ല | ഇല്ല |
| കാസർഗോഡ് | ഇല്ല | ഇല്ല |
| **ആകെ** | **92** | **17.8947** |

സെക്ഷൻ ഓഫീസർ